ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഇത് വളരെ നിർഭാഗ്യകരമായ ഒരു സന്ദർഭമാണ്. ഒരാളുപോലും പ്രതിപക്ഷ നിരയിൽ ഇല്ല. വാസ്തവത്തിൽ എത്ര നിരുത്തരവാദപരമായ ഒരു നിലപാടാണ് പ്രതിപക്ഷം എടുത്തിരിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിന്റെ തുക മുഴുവൻ ചെലവ് ചെയ്യുന്നതിന് ഗവൺമെന്റിനെ ആതറൈസ് ചെയ്യുന്ന ദിവസമാണിന്ന്. ആ ചെലവുകളെപ്പറ്റി അവർക്ക് ഒന്നും പറയാനില്ല. വാസ്തവത്തിൽ പ്രതിപക്ഷത്തിന്റെ ഭാഗം മോശമായതുകൊണ്ടാണ് അവർ പോയത് എന്നാണ് എന്റെ വിശ്വാസം. അതായത് അവർക്ക് ഗവൺമെന്റിനെ നേരിടാൻ ശക്തിയില്ല, അതിനുള്ള വക അവർക്കില്ല. അവർ പടുത്തുയർത്തിയ മുഴുവൻ വാദമുഖങ്ങളും തകർന്നിരിക്കുന്ന അവസ്ഥയിലാണ് പരാജയബോധംകൊണ്ട് സഭവിട്ട് പോയത്. അതെന്തുമാകട്ടെ, എനിക്ക് ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടിയിരിക്കുന്നു. എനിക്ക് പറയാനുള്ളത് പ്രതിപക്ഷത്തോടല്ല, കേരളത്തിലെ ജനങ്ങളോടാണ് ഞങ്ങൾക്ക് അക്കൗണ്ടബിലിറ്റി. ഈ ഗവൺമെന്റ് എന്ത് ചെയ്തു, നിലപാടെന്താണ്; സമീപനമെന്താണ്, നയമെന്താണ്; എങ്ങനെയാണ് ബഡ്ജറ്റിന്റെ പ്രവർത്തനങ്ങൾ എന്നുള്ളത് കേരളത്തിലെ ജനങ്ങളോട് പറയാൻ ഞങ്ങൾക്ക് കടമയുണ്ട്. ഞാൻ ആ കടമ നിർവ്വഹിക്കുകയാണ്. ഒരു കാര്യം പറയട്ടെ, കഴിഞ്ഞ ഒരു വർഷത്തെ മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിന്റെ ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാക്കാൻ കഴിഞ്ഞു എന്നുമാത്രമല്ല ധനകാര്യ വകുപ്പിനെ വികസനോന്മുഖമാക്കാൻ സാധിച്ചു എന്നുള്ളതാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തെ ഭരണവും ഈ ഗവൺമെന്റിന്റെ ഒരു വർഷത്തെ ഭരണവും മാത്രം താരതമ്യം ചെയ്താൽ മതി, ധനകാര്യ വകുപ്പിനെ വികസനോന്മുഖമാക്കാൻ കഴിഞ്ഞു എന്നുള്ളതിൽ എനിക്ക് വളരെ സംതൃപ്തിയുണ്ട്.

വർദ്ധിത പദ്ധതിയടങ്കലിന് ആവശ്യമായ തുക യഥാസമയം എത്തിച്ചുകൊടുക്കുകയും പദ്ധതി നിർവ്വഹണം സുഗമമാക്കുകയും ചെയ്തു എന്നുള്ളതാണ് ധനകാര്യ വകുപ്പിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നത്. ഇവിടെ ബഹുമാനപ്പെട്ട ജി. സുധാകരൻ ഒരു കണക്കുമായി വന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 30 ശതമാനം പദ്ധതി തുകകൾ ലാപ്സാക്കി എന്നൊരു പുതിയ വാദമുഖം അദ്ദേഹം കൊണ്ടുവന്നു. ഇത് എവിടത്തെ കണക്കാണെന്ന് എനിക്കറിയില്ല, അടിസ്ഥാനരഹിതമായ ഒരു വാദമുഖമാണ്. അതിന് അദ്ദേഹം ആശ്രയിച്ചത് 2012 ഫെബ്രുവരി മാസം 29-ാം തീയതിയിലെ കണക്കാണ്. എന്നാൽ 2012 മാർച്ച് മാസം 31-ലെ കണക്കുകളായിരുന്നു ഉദ്ധരിക്കേണ്ടത്. അതിനുപകരം 2012 ഫെബ്രുവരി മാസത്തെ കണക്കുമായാണ് നിയമസഭയിൽ വന്നത്. ഞാൻ മാർച്ചുമാസം 31-ന്റെ കണക്ക് പറയട്ടെ, ഡോ. ടി.എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന കാലഘട്ടത്തിൽ 2010-11-ലെ പദ്ധതിച്ചെലവ് 87 ശതമാനമായിരുന്നുവെങ്കിൽ 2011-12-ൽ പദ്ധതിച്ചെലവ് 91 ശതമാനമായി വർദ്ധിപ്പിക്കുവാൻ യു.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞു. ഇതാണോ 30 ശതമാനം ലാപ്സായി എന്ന് പറയുന്നതെന്ന് എനിക്കറിയില്ല. കേരള സംസ്ഥാനത്തെ All time record ആണ് 91 ശതമാനം. ഇതിനർത്ഥം എന്താണ്? പ്ലാൻ എക്സ്പെൻഡിച്ചർ രംഗത്ത് 4 ശതമാനം വർദ്ധനവ് കൈവരുത്തുവാൻ കഴിഞ്ഞു എന്നുള്ളതിൽ ഞങ്ങൾക്കെല്ലാവർക്കും വളരെ സംതൃപ്തിയുണ്ട്. ഒരു ഗവൺമെന്റിന്റെ ഭരണത്തെ അല്ലെങ്കിൽ ധനകാര്യ വകുപ്പിന്റെ പ്രവർത്ത

നങ്ങളെ ചെലവുകൾ എങ്ങനെ ചെയ്തിരിക്കുന്നു എന്ന് നോക്കിയാണ് വിലയിരുത്തേണ്ടത് നിങ്ങൾ എങ്ങനെ ചെലവുചെയ്തുവെന്നുള്ളതാണ് പ്രധാനം എന്ന് ബഹുമാനപ്പെട്ട ജി. സുധാകരൻ ഇവിടെ പറയുകയുണ്ടായി. ശ്രീ. ജി. സുധാകരൻ മറുപടി കേൾക്കേണ്ടതായിരുന്നു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഡവലപ്പ്മെന്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ഓൾ ടൈം റിക്കോർഡാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഗ്രോത്ത് റേറ്റ് 2009-10 -ൽ 13 ശതമാനമായിരുന്നു. തലേവർഷത്തെക്കാൾ ഗ്രോത്ത് റേറ്റ്, ഡവലപ്പ്മെന്റൽ എക്സ്പെൻഡീച്ചറിന്റെ കാര്യത്തിൽ 13 ശതമാനമായിരുന്നു. 2010-11-ൽ ഡവലപ്പ്മെന്റൽ എക്സ്പെൻഡീച്ചറിന്റെ ഗ്രോത്ത് റേറ്റ് തലേ വർഷത്തേക്കാൾ 17 ശതമാനമായിരുന്നു. ഒരു കാര്യം ബഹുമാനപ്പെട്ട സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു 2011-12-ൽ 31 ശതമാനം, ഇരട്ടി ഗ്രോത്ത് റേറ്റ് കൈവരിച്ച ഒരു ഗവൺമെന്റിനെ നേരിടാൻ കഴിയാത്തതുകൊണ്ടാണ് പ്രതിപക്ഷം വാക്കൗട്ട് നടത്തി പുറത്തേയ്ക്ക് പോയത്. ഇത് കേൾക്കാനുള്ള സഹിഷ്ണുത പോലും അവർക്കില്ല. പശ്ചാത്തല വികസന പദ്ധതികൾ എത്രയെണ്ണമാണ്. ഈ പദ്ധതികൾക്കെല്ലാം പണം കൊടുക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് എടുത്തു പറയത്തക്ക നേട്ടം. വികസന ചെലവുകൾ വർദ്ധിപ്പിച്ചതിനു പുറമേ മൂലധന ചെലവും ഈ ഗവൺമെന്റ് വർദ്ധിപ്പിക്കുകയുണ്ടായി. 2011-12-ൽ വിവിധ ക്യാപ്പിറ്റൽ പ്രോജക്ടുകളിലായി 4560 കോടി രൂപയുടെ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ വരുത്താൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. അതൊരു വലിയ കാര്യമാണ്. ഇത് ഒരു കാലത്തുമുണ്ടായിട്ടില്ല. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 4560 കോടി

രൂപയാണ്. പക്ഷേ പി.ഡബ്യ്യൂ.ഡി.യിൽ മാത്രം 2280 കോടി രൂപയാണ് എ.എസ്. നൽകിയത്. ഇതൊക്കെ മുൻകാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ടോ? ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെ വളർച്ച ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിക്കുകയാണ്. അവിടെയും വർദ്ധനവാണ്. 2010-11-ൽ 1.49 ശതമാനവും 2011-12-ൽ 1.81 ശതമാനവും 2012-13-ൽ 1.88 ശതമാനവുമാണ്. ഈ നിലയിൽ ക്രമമായി വർദ്ധിക്കുകയാണ്. അവരുടെ അവസാന കാലഘട്ടത്തിൽ 1.49 ശതമാനത്തിന്റെ സ്ഥാനത്ത് യു.ഡി.എഫിന്റെ ആദ്യത്തെ വർഷത്തിൽ 1.81 ശതമാനമാണ്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ വളരെ പ്രകടമായ വ്യത്യാസമാണ് വന്നിരിക്കുന്നത്. ഇവിടെ ശ്രീ. പി. സി. ജോർജ് സംസാരിച്ചപ്പോൾ മെഗാപ്രോജക്ടിന്റെ കാര്യം പറഞ്ഞു. എവിടെ നിന്നാണ് ഈ സോഴ്സ്, അത്ഭുതമാണ് എന്ന്. ആ അത്ഭുത പ്രതിഭാസമാണ് യു.ഡി.എഫ്. ഗവൺമെന്റ്. ഇതിനെല്ലാം ആവശ്യമായ പണം വകയിരുത്തിഎന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എല്ലാ മെഗാപ്രോജക്ടുകൾക്കും ആവശ്യാനുസരണം പണം റിലീസ് ചെയ്തു കഴിഞ്ഞു. ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് ഒരു പ്രോജക്ടും തടസ്സപ്പെട്ടിട്ടില്ല എന്ന് ഞാൻ വ്യക്തമാക്കുകയാണ്. പി.ഡബ്യ്യൂ.ഡി. വകുപ്പിന് ആയിരം കോടി രൂപ കൂടുതൽ കൊടുത്തു. ട്രാൻസ്പോർട്ട് വകുപ്പിന് ആയിരം കോടി രൂപ കൊടുത്തു. എന്തിനാണ് ട്രാൻസ്പോർട്ടിന് ഇത്രയും കോടി രൂപ? ഇതൊക്കെ ലംപ്സം ആണ്. Over and above the budget provision lump sum is make separately. എവിടെയെങ്കിലും വീഴ്ച വന്നാൽ ലംപ്സമിൽ നിന്ന് എടുത്തുകൊടുക്കാനാണ്. ഇത് ബഡ്ജറ്റിന് പുറമേയാണ്. പോർട്ടിന് 300 കോടി രൂപ, ലാന്റ് അക്വിസി

ഷന് 300 കോടി രൂപ. – എവിടെയെങ്കിലും പോരായ്മ വന്നാൽ കൊടുക്കുന്ന തിനുവേണ്ടി 2600 കോടി രൂപ ലംപ്സമായി മാറ്റി വച്ചിരിക്കുകയാണ്. ഇങ്ങ നെയൊരു ഗവൺമെന്റ് ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിലുള്ള വ്യത്യാസം അതാണ്. എക്സ്പെൻഡിച്ചർ ചുരുക്കുന്നതിനെക്കുറിച്ച് ഒരു കാര്യം കൂടി. wasteful expenditure ചുരുക്കണം. ഈ ഗവൺമെന്റ് wasteful expenditure ചുരു ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ ഡെഫിസിറ്റ് ഫിനാൻസ് കമ്മി ഷൻ നിർദ്ദേശിച്ച പരിധിയിൽ ഒതുക്കികൊണ്ടുവരികയാണ്. സ്റ്റോർ പർച്ചേസ് മാനുവൽ പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുകയാണ്. ഒരു പുതിയ സ്റ്റോർ പർച്ചേസ് മാനുവൽ കൊണ്ടുവരാനായി ഉദ്ദേശിക്കുകയാണ്. എന്തിനാണ് ? Quality of expenditure ഉയർത്തുന്നതിനുവേണ്ടി. ചെലവ് ചുരുക്കുക മാത്ര മല്ല എക്സ്പെൻഡിച്ചറിന്റെ Quality യും നന്നായിരിക്കണം. പി.ഡബ്ല്യു.ഡി യിൽ ഒരു പരീക്ഷണം നടത്തിയിട്ടുണ്ട്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഡ്യൂറ ബിലിറ്റി ഗ്യാരന്റിയെക്കുറിച്ചു പറഞ്ഞു – റോഡുകൾ നന്നാക്കുമ്പോൾ റോഡ് നിർമ്മാണം ഏറ്റെടുക്കുന്ന കോൺട്രാക്റ്റർമാർ ഒരു ഗ്യാരന്റി വയ്ക്കണമെന്ന് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ സൂചിപ്പിക്കുകയുണ്ടായി. എനിക്ക് സന്തോഷമു ണ്ട്. പി.ഡബ്ല്യു.ഡി മന്ത്രി ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിനെ ഞാൻ അഭിനന്ദിക്കുന്നു. ബഡ്ജറ്റ് നിർദേശങ്ങളിലെ ചുവടുപിടിച്ചുകൊണ്ട് പി. ഡബ്ല്യൂ.ഡി. യിൽ ഒരു കാര്യം നടപ്പിലാക്കി. ബി.എം.ബി.സി. റോഡുകൾക്ക് അഞ്ചുവർഷത്തെ ഗ്യാരന്റി കോൺട്രാക്ടർമാരെക്കൊണ്ട് വയ്പ്പിച്ചിട്ടുണ്ട്. ഇനി ബി.എം.ബി.സി.റോഡുകളുടെ കാര്യത്തിൽ മാത്രം പോരാ. മറ്റ് റോഡു

കളുടെ കാര്യത്തിലും ഈ ഡ്യൂറേഷൻ ഗ്യാരന്റി കൊണ്ടുവരേണ്ടതായിട്ടുണ്ട്. അതുപോലെ കൺസ്ട്രക്ഷന്റെ കാര്യങ്ങളിലും കുറച്ചു മാറ്റങ്ങൾ കൊണ്ടുവരണം. നൂതന ഡിസൈനും മെറ്റീരിയൽസും വേണം. നാനോ ടെക്നോളജിയുടെ കാലഘട്ടത്തിൽ മെറ്റീരിയൽസിൽ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. ഒരു വലിയ ബീമിന് പകരം ലോലമായ ബീം മതി. പുതിയ ഡിസൈനും മെറ്റീരിയൽസുമൊക്കെ കൊണ്ടുവന്നാൽ പ്രവൃത്തി കൂടുതൽ ഊർജ്ജക്ഷമമാക്കാൻ കഴിയും. . ഇക്കോണമിയെ പരിപാലിക്കാൻ കഴിയും. എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റി ഉയർത്താൻ കഴിയും. ഇക്കൊല്ലം എക്സ്പെൻഡിച്ചർ രംഗത്ത് ക്വാളിറ്റി വർദ്ധിപ്പിക്കാനാണ് ധനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നത്. ഒരു രൂപ മുടക്കിയാൽ അതിന്റെ ഗുണം ജനങ്ങൾക്കും സംസ്ഥാനത്തിനും രാജ്യത്തിനും കിട്ടണം എന്നുള്ളതിൽ ഗവൺമെന്റ് ഉറച്ച നിലപാടുകളാണ് സ്വീകരിക്കുന്നത്. സബ്സിഡി, പെൻഷൻ തുടങ്ങിയവ ഇലക്ട്രോണിക് ബാങ്കിംഗ് വഴി അവരവരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ക്യാബിനറ്റ് എടുത്ത തീരുമാനം, അതിന്റെ ബനിഫിറ്റ് കർഷകർക്കും എല്ലാവർക്കും ലഭിക്കണം. ക്യബിനറ്റ് എടുത്ത ആ തീരുമാനം എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. ശ്രീ. ജി. സുധാകരൻ ഒരു കാര്യം പറയുകയുണ്ടായി, വർക്കുകൾക്ക് വേണ്ട സമയത്ത് എ.എസ്. കൊടുക്കുന്നില്ലെന്ന്. ധനകാര്യവകുപ്പിനെക്കുറിച്ച് പണ്ടു മുതൽക്കേ ഉണ്ടായിരുന്ന ഒരു പഴി അതാണ്. വേണ്ട സമയത്ത് എ.എസ്. കൊടുക്കുകയില്ല, വേണ്ട സമയത്ത് പണം കൊടുക്കുകയില്ല എന്നത്. എല്ലാത്തിനും വഴിമുടക്കുന്നു ഫിനാൻസ് ഡിപ്പാർട്ടുമെന്റ് എന്നുള്ള ആ പഴയ ചീത്തപ്പേര് മാറ്റി എടുത്തിരിക്കുകയാണ് ധനകാര്യവകുപ്പ്. ഒരു പേപ്പർ ഫിനാൻസിൽ കിട്ടിയാൽ പിറ്റേ ദിവസം തന്നെ മറുപടി

കിട്ടുമെന്നല്ല, എത്രയും പെട്ടെന്ന് പരിശോധനകൾ പൂർത്തിയാക്കി കാലതാമസമില്ലാതെ കാര്യങ്ങൾ നടക്കും. ഒരു പ്രവർത്തനങ്ങൾക്കും ഈ ഗവൺമെന്റ് തടസ്സം ഉണ്ടാക്കില്ല. ഫാസ്റ്റ് ട്രാക്കാണ്. ബഞ്ചിംഗ് ഓഫ് എക്സ്പെൻഡിച്ചർ ഉണ്ട്. ബഞ്ചിംഗ് എന്നു പറയുന്നത് എല്ലാ എക്സ്പെൻഡിച്ചറും കൂടെ മാർച്ച് മാസത്തിൽ കൊണ്ടുപോയി ചെലവ് ചെയ്യുക എന്നതാണ്. അപ്പോൾ അതിന്റെ ക്വാളിറ്റി ഓഫ് എക്സ്പെൻഡിച്ചർ മോശമാകുന്നു. ഇക്കൊല്ലം അതിനൊക്കെ മാറ്റം വരുത്തി. ഞാൻ എല്ലാ സഹമന്ത്രിമാരുമായി ഒരു ഡിസ്ക്കഷൻ നടത്തി. ഓരോ സഹമന്ത്രിയുമായി നടത്തിയ ഡിസ്ക്കഷന്റെയടിസ്ഥാനത്തിൽ മുൻകാലത്തിലില്ലാത്തപോലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പരിപാടികൾക്ക് ഓരോന്നിനും പെട്ടെന്ന് എ.എസ്. കൊടുക്കുന്നതിനുവേണ്ടിയുള്ള ആലോചനകൾ നടന്നു. ഇപ്പോൾ അതിന്റെ ഫലം എത്രയാണെന്ന് അറിയാമോ? ശ്രീ. ജി. സുധാകരൻ ഉണ്ടായിരുന്നാലേ എനിക്ക് പറയാൻ ഒരു സന്തോഷം ഉണ്ടാകൂ. ബഡ്ജറ്റിൽ ആകെ പ്രഖ്യാപിച്ചത് 294 സ്കീമുകളാണ്. ഈ ചർച്ചയുടെ ഫലമായി, കേരളം രൂപം കൊണ്ടതിനു ശേഷം അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല, ഈ ബഡ്ജറ്റ് സെഷനിൽ തന്നെ അപ്രോപ്പിയേഷൻ പാസ്സാക്കുന്നതിനുമുമ്പുതന്നെ 260 പ്രോജക്ടുകൾക്ക് എ.എസ്. കൊടുത്തുകഴിഞ്ഞു. പോക്കറ്റ് ഡയറി ഉണ്ടെങ്കിൽ ഡയറിക്കകത്ത് കുറിച്ചു വയ്ക്കാൻ വേണ്ടി പ്രതിപക്ഷത്തോട് പറയുകയാണ് 294 പ്രോജക്ടുകളിൽ 260 സ്കീമുകൾക്ക് എ.എസ്. കൊടുക്കുകയുണ്ടായി. കൂടുതലായി അതിലേയ്ക്ക് കടക്കുന്നില്ല. 88 ശതമാനം സാംഗ്ഷൻസ് കൊടുത്തു കഴിഞ്ഞു. അതുപോലെ തന്നെ എ.എസ്. കൊടുക്കുവാനുള്ള ബഡ്ജറ്ററി പവേഴ്സ് വർദ്ധിപ്പിച്ച് കൊടുത്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റൽ വർക്കിംഗ് ഗ്രൂപ്പിന്

മൂന്നുകോടി രൂപ വരെ എ.എസ്. കൊടുക്കുവാനുണ്ടായിരുന്ന അധികാരം അഞ്ചുകോടിരൂപ വരെയായി ഉയർത്തി. ഒരു ഗവൺമെന്റിനെ വിലയിരുത്തേണ്ടത് വാചമടിക്കുന്നതിലല്ല ക്യാഷ് ഫ്ളോയുടെ കാര്യത്തിലാണ്. 2011-2012 ൽ ആദ്യ ക്വാർട്ടറിൽ 10,237 രൂപ ആയിരുന്നു ക്യാഷ് ഫ്ളോ എങ്കിൽ 2012 -2013 ൽ 14,048 രൂപയുടെ ക്യാഷ് ഫ്ളോയാണ് ഉണ്ടായത്. കഴിഞ്ഞ വർഷത്തെക്കാൾ 3800 കോടി രൂപയും കൂടി ക്യാഷ് ഫ്ളോ ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ഇങ്ങോട്ടുള്ള വായ്പ നിറുത്തിവച്ചിരിക്കുകയായിരുന്നൂവെന്നുള്ള കാര്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്കറിയാമല്ലോ. കാരണം എൽ.ഡി.എഫ് ഗവൺമെൻിന്റെ കാലത്ത് നബാർഡിന് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അടച്ചുതീർക്കേണ്ട തുക കൊടുത്തിരുന്നില്ല. അസറ്റ്സ് നെഗറ്റീവായതിന്റെ ഫലമായി നബാർഡ് വായ്പ നിറുത്തിവച്ചിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 136 കോടി രൂപ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന് കൊടുത്ത് നബാർഡിലേയ്ക്കുള്ള കുടിശ്ശിക അടച്ചുതീർത്തതിന്റെ ഫലമായി നബാർഡിന്റെ വായ്പ വീണ്ടും പുനരാരംഭിച്ചു. ഇതുപോലെ ഹൗസിംഗ് ബോർഡും ഹഡ്കോയ്ക്ക് 750 കോടി രൂപ കൊടുക്കാനുള്ളതുകൊണ്ട് ഹഡ്കോ ഹൗസിംഗ് ബോർഡിന് വായ്പ കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം 2011-12-ൽ 269 കോടി രൂപയും ഈ വർഷം 61 കോടി രൂപയുംകൂടി ആകെ 330 കോടി രൂപ ഹഡ്കോയ്ക്ക് കൊടുത്തുകൊണ്ട് ഹഡ്കോയുടെ വായ്പ പുനരാരംഭിച്ചു. ഈ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

മണ്ണും മനുഷ്യനും വേണ്ടിയുള്ളതായിരിക്കണം പൊളിറ്റിക്സ് എന്ന് ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ പറയുകയുണ്ടായി. ശ്രീ. റ്റി. എൻ. പ്രതാപനോട് എനിക്ക് വളരെ സ്നേഹം തോന്നി. മണ്ണും മനുഷ്യനുമെന്നുള്ള നിങ്ങളുടെ സങ്കല്പം അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ മറ്റൊരു മുഖമാണ് കാണിക്കുന്നത്. ശ്രീ. റ്റി. എൻ. പ്രതാപന് വേണമെങ്കിൽ കേരള കോൺഗ്രസ്സിനോടു യോജിച്ചുകൊണ്ട് പ്രവർത്തിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാലുമാറ്റത്തിനു പ്രേരിപ്പിക്കുകയാണോ?

ശ്രീ. കെ. എം. മാണി: സർ, സ്നേഹം കൊണ്ട് പറഞ്ഞതാണ്. കഴിഞ്ഞ വർഷത്തെ വീക്ഷണമല്ല ശ്രീ. റ്റി. എൻ. പ്രതാപനിപ്പോഴുണ്ടായിരിക്കുന്നത്. ഹൈടെക് അഗ്രികൾച്ചർ, ബയോപാർക്ക് ഇതൊക്കെ കണ്ടപ്പോൾ, മണ്ണിനോടും മനുഷ്യനോടുമുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ ആഭിമുഖ്യം കണ്ട് അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. ഇതാണ് അദ്ധ്വാനവർഗ്ഗ സിദ്ധാന്തം. അതിൽ ഉറച്ച് നിൽക്കുകയാണ്. ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപനെ ഞാൻ അഭിനന്ദിക്കുന്നു. ശ്രീ. റ്റി. എൻ. പ്രതാപനോട് എനിക്ക് കൂടുതൽ സ്നേഹവും, ബഹുമാനവും, ആദരവും തോന്നുകയാണ്. ഒരു എം.എൽ.എ-ക്ക് 5 കോടി രൂപയ്ക്കുള്ള വർക്ക് 5 വർക്കായി കുറച്ചതിനെക്കുറിച്ച് ശ്രീ. റ്റി.എൻ. പ്രതാപൻ, ശ്രീമതി ഗീതാ ഗോപി., ശ്രീ. ജോസഫ് വാഴക്കൻ ഇവരൊക്കെ സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്കൊരു കത്ത് നൽകിയിരുന്നു. അങ്ങ് ആഗ്രഹിക്കുന്നതും ഇത് തന്നെയാണ്. അങ്ങും എന്നോടിത് പറഞ്ഞിരുന്നു. അങ്ങയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും പൊതുവികാരം മാനിച്ചുകൊണ്ട് 5

വർക്ക് എന്നുള്ളത് 10 വർക്കായി മാറ്റുകയാണ്, അതിന്റെ അർത്ഥം 5 കോടി രൂപയ്ക്ക് 10 വർക്ക്. പക്ഷേ ഒരു വർക്കും 25 ലക്ഷത്തിൽ കുറയാൻ പാടില്ല. ഡോ. അമർത്യാസെന്നിനെ ഉദ്ധരിച്ചുകൊണ്ട് സാമ്പത്തിക വികസനം ജി. ഡി.പി ഗ്രോത്തിൽ മാത്രം പോര, വെൽഫെയറിനുകൂടി പ്രാധാന്യം നൽകണമെന്ന് ശ്രീ. റ്റി. എൻ. പ്രതാപൻ പറയുകയുണ്ടായി. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞത് വളരെ ശരിയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുഖമുദ്രയും അതുതന്നെയാണ്. ക്ഷേമപരിപാടികൾക്ക് നടത്തിയ ചെലവ് 2010-11-ൽ, ഡോ. ടി. എം. തോമസ് ഐസകിന്റെ കാലഘട്ടത്തിൽ 584 കോടിയായിരുന്നു. ഉമ്മൻ ചാണ്ടി ഗവൺമെന്റിൽ 2011-12-ൽ ക്ഷേമ പരിപാടികൾക്കുവേണ്ടിയുള്ള ചെലവ് ഏതാണ്ട് ഇരട്ടിച്ച് 818 കോടി രൂപയായി ഉയർന്നുവെന്നത് വലിയ കാര്യമാണ്. 2012-13-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 868 കോടിയാണ്  ഈ വർഷം 1200 കോടിയായി അത് വർദ്ധിക്കുമെന്നുള്ളതാണ് ലേറ്റസ്റ്റ് കാൽക്കുലേഷൻ. എൽ.ഡി.എഫ്-ന്റെ കാലത്ത് ടാക്സ് വരുമാനം വർദ്ധിച്ചെന്നും ഇക്കാര്യത്തിൽ യു.ഡി.എഫ്-ന്റെ കാലത്ത് പുരോഗതിയുണ്ടായിട്ടില്ലെന്നും ശ്രീ. കെ.കെ. ജയചന്ദ്രൻ പറഞ്ഞു. അത് ശരിയല്ല. എൽ.ഡി.എഫ്-ന്റെ കാലത്ത് ടാക്സ് വരുമാന വളർച്ചാ നിരക്ക് 2006-07-ൽ 22 ശതമാനവും, 2007-08-ൽ 14 ശതമാനവും 2008-09-ൽ 17 ശതമാനവും 2009-10-ൽ 10 ശതമാനവും 2010-11-ൽ  23 ശതമാനവും ആയിരുന്നു. 2006 മുതൽ 2010 വരെയുള്ള ടാക്സ് വരുമാന വളർച്ചാ നിരക്ക് ശരാശരി 17 ശതമാനമായിരുന്നു. കേന്ദ്ര ഗവൺമെന്റ് ഡീസൽ, പെട്രോൾ എന്നിവയ്ക്ക്

വില വർദ്ധിപ്പിച്ചപ്പോൾ കിട്ടിയ അധിക നികുതി വരുമാനമായ 668 കോടിയും കൂടി ഉപയോഗിച്ച് കിട്ടിയ വരുമാന വർദ്ധനവാണ് 17 ശതമാനം. എന്നാൽ യു.ഡി.എഫ് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചപ്പോൾ നമുക്ക് കിട്ടുമായിരുന്ന നികുതി വരുമാന വർദ്ധനവ് 728 കോടി രൂപ വേണ്ടെന്ന് വച്ചിട്ടും കഴിഞ്ഞ വർഷത്തെ നികുതി വരുമാന വർദ്ധന 19.5 ശതമാനമാണ്. എൽ.ഡി.എഫ് -ന്റെ കാലത്ത് ശരാശരി 17 ശതമാനത്തിന്റെ സ്ഥാനത്ത് നമുക്ക് 19.5 ശതമാനമാണ് നികുതി വരുമാന വർദ്ധന. 2012–13-ലെ ക്വാർട്ടറിൽ അത് 22 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. നിരക്ക് വർദ്ധനയുടെ ഫലമായിട്ടല്ലേ എന്ന ഒരു സംശയം പ്രതിപക്ഷത്തുനിന്ന് പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെയല്ല. 2011–12-ൽ 19.5 ശതമാനം കിട്ടിയത് നിരക്കുവർദ്ധനവ് കൊണ്ടല്ല. അത് സാധാരണയുള്ള വർദ്ധനവാണ്. നിരക്ക് വർദ്ധന ഇവിടെ കുറവാണ്. കർണ്ണാടകയുടെയും തമിഴ്നാടിന്റെയും ആന്ധ്രാപ്രദേശിന്റെയും ബോയൻസി നോക്കിയാൽ ബോയൻസി കേരളത്തിലാണ് ഏറ്റവും കുറവ്. കർണ്ണാടകയിൽ 1.593–ഉം, തമിഴ്നാട്ടിൽ 1.376–ഉം, ആന്ധ്രാപ്രദേശിൽ 1.32–ഉം കേരളത്തിൽ 1.097–ഉം ആണ്. ഇനിയും നികുതി വർദ്ധിപ്പിക്കേണ്ടതാണെന്നാണ് ഇതിന്റെ അർത്ഥം. ഇവിടെ ബോയൻസി കുറവാണ്. ഇത് മനസ്സിലാക്കാതെയാണ് പ്രതിപക്ഷം പറയുന്നത്. പക്ഷേ അത് നികുതി വർദ്ധനയുടെ പ്രതിഫലനമല്ല. കഴിഞ്ഞ വർഷം നികുതി 1 ശതമാനം വർദ്ധിപ്പിച്ചുവെങ്കിലും പലവ്യഞ്ജനങ്ങൾക്ക് 4 ശതമാനത്തിൽ നിന്ന് 1 ശതമാനമാക്കി കുറച്ചുകൊടുത്തു.

യഥാർത്ഥത്തിൽ ഇത് ഇക്കണോമിക് ഗ്രോത്താണ്. ഇക്കണോമിക് ഗ്രോത്ത് 9 ശതമാനവും. ഇൻഫ്ളേഷൻ 10 ശതമാനവുമാണ്. രണ്ടും കൂടി ചേർന്നാൽ നോർമൽ ഗ്രോത്ത് 19 ശതമാനമാകും. നോർമൽ ഗ്രോത്തിന്റെ 19 ശതമാനം ടാക്സ് റേറ്റിന്റെ ഗ്രോത്ത് നമുക്ക് കൈവരിക്കാൻ കഴിഞ്ഞുവെന്നത് വലിയ കാര്യമാണ്. ശ്രീമതി ഗീതാ ഗോപി കാരുണ്യ ലോട്ടറിയുടെ ടിക്കറ്റ് വിലയായ 50 രൂപ കൂടുതലാണെന്നും സാധാരണക്കാർക്കുവേണ്ടി ചെറിയ തുക യ്ക്കുള്ള ടിക്കറ്റുകൂടി ഇൻട്രൊഡ്യൂസ് ചെയ്താൽ നന്നായിരിക്കുമെന്ന് പറ ഞ്ഞു. ഇത് നല്ലൊരു ആശയമാണ്. കാരുണ്യ ലോട്ടറി വളരെ പോപ്പുലർ സ്കീമാണ്. തീർച്ചയായും കുറഞ്ഞ തുകയ്ക്കുള്ള ടിക്കറ്റുകൂടി ഇഷ്യൂ ചെയ്യു ന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ശ്രീ. സി. മമ്മൂട്ടി ടൂറിസം മേഖലയിൽ കൂടുതൽ മുതൽമുടക്ക് വേണമെന്ന് പറഞ്ഞു. വളരെ ശരിയായ കാര്യമാണ്. പ്രത്യേകിച്ചും ആഗോള സാമ്പത്തിക മാന്ദ്യം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് ടൂറിസം മേഖലയിലാണ്. ഇപ്പോൾ യൂറോപ്യൻ ടൂറിസം കുറഞ്ഞിരിക്കുകയാണ്. ഇവിടെ വരുന്ന ടൂറിസ്റ്റുകളിൽ 70 ശതമാ നവും യൂറോപ്യൻ ടൂറിസ്റ്റുകളാണ്. അത് കുറഞ്ഞതോടുകൂടി നമുക്കിവിടെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഡൊമസ്റ്റിക് ടൂറിസം നമുക്ക് പ്രോത്സാഹിപ്പി ക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ടൂറിസം രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പി ക്കേണ്ടതായിട്ടുണ്ട്. അവസാനമായി കോൺട്രിബ്യൂട്ടറി പെൻഷനെപ്പറ്റി ഒരു വാക്കു കൂടി പറയട്ടെ. ഇവിടെ ശ്രീ. പി. രാമകൃഷ്ണൻ കോൺട്രിബ്യൂട്ടറി പെൻഷനെപ്പറ്റി പറഞ്ഞു. ഗവൺമെന്റ് എന്തോ വലിയ പാതകം ചെയ്യുന്നതു പോലെയാണ് ഇവിടെ എല്ലാവരും സംസാരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു

തീരുമാനവും എടുത്തിട്ടില്ല. ക്യാബിനറ്റിന്റെ പരിശോധനയിൽ ഈ വിഷയം ഇരിക്കുകയാണ്. 2002-ൽ എ.കെ. ആന്റണി സർക്കാർ കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കാനുള്ള തീരുമാനം എടുത്തിരുന്നതാണ്. 2004-ൽ കേന്ദ്രഗവൺമെന്റ് കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കി. ഇപ്പോൾ കേരളം, ബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങളിലാണ് കോൺട്രിബ്യൂട്ടറി പെൻഷൻ ഇല്ലാത്തത്. കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടുവരണമെന്ന് കേന്ദ്രം എപ്പോഴും നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയിരിക്കെയാണ് 2008-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് 2002-ലെ ആന്റണി സർക്കാരിന്റെ ഉത്തരവ് റദ്ദ് ചെയ്തത്. പക്ഷേ അവിടെ ഇടതുപക്ഷത്തിന്റെ ഒരു ഇരട്ടത്താപ്പ് എന്നു പറയുന്നത്, ഐ.എ.എസ്., ഐ.പി.എസ്. ഐ.എഫ്.എസ്. ഈ സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോഴും കോൺട്രിബ്യൂട്ടറി പെൻഷൻ നിലനിൽക്കുന്നു. അത് ഇടതുപക്ഷ ഗവൺമെന്റ് നിലനിർത്തി. അവിടെയൊരു വൈരുദ്ധ്യം ഞാൻ കാണുകയാണ്. നമ്മുടെ സംസ്ഥാനം വലിയൊരു പൊട്ടിത്തെറിയിലേയ്ക്ക് പോവുകയാണ്. കാരണമെന്താണ്; സർവ്വീസ് ജീവനക്കാരുടെ എണ്ണം 5,34,000 ആണ്. പെൻഷൻകാരുടെ എണ്ണം 5.5 ലക്ഷമായി വർദ്ധിച്ചിരിക്കുന്നു. ഓരോ വർഷവും 2000 പെൻഷൻകാർ വീതം കൂടുകയാണ്. അതുകൊണ്ട് എന്തുവേണം എന്നുള്ളതിനെ സംബന്ധിച്ച് നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. ലൈഫ് എക്സ്പെറ്റൻസി കേരളത്തിൽ കൂടുതലാണ്. വയസ്സ് കൂടിപ്പോയതുകൊണ്ട് പെൻഷൻ കൂടുതൽ കാലം കൊടുക്കണം. റിട്ടയർമെന്റ് പ്രായം ഏറ്റവും താഴെ നിൽക്കുന്നത് കേരളത്തിലാണ്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും റിട്ടയർമെന്റ് പ്രായം ഉയർത്തി. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇത്രയും ലൈഫ് എക്സ്പെറ്റൻസിയില്ല. ഈ

നില തുടർന്നാൽ കേരളത്തിൽ ജീവനക്കാരെക്കാൾ കൂടുതൽ പെൻഷൻകാരാകും. ഗവൺമെന്റിന് എങ്ങനെ ഈ ഭാരം താങ്ങാൻ കഴിയും. കോൺട്രിബ്യൂട്ടറി പെൻഷൻ എന്നുപറയുന്നത് വലിയ പാതകമൊന്നുമല്ല. ഇൻഡ്യയിൽ എല്ലായിടത്തുമുണ്ട്. കോൺട്രിബ്യൂട്ടറി പെൻഷൻ ഭാവിയിൽ റിക്രൂട്ട് ചെയ്യപ്പെടുന്നവരെ മാത്രമേ ബാധിക്കുന്നുള്ളു. ഇപ്പോഴുള്ളവരെ ബാധിക്കുന്നില്ല. കോൺട്രിബ്യൂട്ടറി പെൻഷൻ അപ്ലൈ ചെയ്യുമ്പോൾ പെൻഷൻ പ്രായംകൂടി വർദ്ധിപ്പിക്കുകയാണ് എല്ലായിടത്തും ചെയ്ത കാര്യം. 56 വയസ്സ് 60 വയസ്സാക്കിക്കൊണ്ടാണ് കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നത്. അത് ഭാവിയിൽ വരുന്ന ജീവനക്കാർക്കും സ്റ്റേറ്റിനും ഗുണകരമാകും. അതുകൊണ്ട് പെട്ടെന്നൊരു എതിർപ്പും സ്റ്റേറ്റ്മെന്റും പ്രതിഷേധവും വന്നതിന്റെ പേരിൽ സ്റ്റേറ്റിന്റെ ഇന്ററസ്റ്റ് ബലികൊടുത്തുകൊണ്ട് ഭീരുക്കളായി ഇതിൽ നിന്നും പിന്മാറാൻ കഴിയുമെന്ന് തോന്നുന്നില്ല. പക്ഷേ, എന്റേത് അവസാന വാക്കല്ല. ഇക്കാര്യം ക്യാബിനറ്റിന്റെ പരിശോധനയിൽ ഇരിക്കുകയാണ്. ക്യാബിനറ്റ് ജുഡീഷ്യസ് ആയിട്ടുള്ള തീരുമാനം എടുക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതെല്ലാം പരിശോധിക്കുന്നുണ്ട്. സർവ്വീസിലുള്ളവരെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ ഞങ്ങൾ പ്രവർത്തിക്കുകയുള്ളു. അവരുമായി ഒരു ചർച്ച വേണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് എല്ലാ വശങ്ങളും വിലയിരുത്തിക്കൊണ്ട് അവസാന തീരുമാനമെടുക്കാം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഒന്ന്, പുതിയതായി റിക്രൂട്ട് ചെയ്യുന്നവരേയും ഭാവിയിൽ ഉദ്യോഗം ആഗ്രഹിക്കുന്നവരേയും ബാധിക്കുന്ന കാര്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ്

സർവ്വീസ് സംഘടനാ നേതാക്കന്മാരുമായിട്ടല്ല ചർച്ച നടത്തേണ്ടത്. യുവജന സംഘടനാ നേതാക്കന്മാരോടും കൂടി ആലോചിച്ച് ഒരു സമവായം ഉണ്ടാക്കാതെ ഇക്കാര്യത്തിൽ തീരുമാനമെടുക്കരുത്. ഇക്കാര്യത്തിൽ ഞങ്ങൾക്കുള്ള അഭിപ്രായം അങ്ങയെ ഇപ്പോൾ അറിയിക്കുന്നു. രേഖാമൂലവും അറിയിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് യുവജനസംഘടനാ നേതാക്കന്മാരുമായി ചേർന്ന് ഒരു സമവായത്തിൽ ഇക്കാര്യം നടപ്പിലാക്കണം.

ശ്രീ. കെ. എം. മാണി : അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഇതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നെങ്കിൽ യുവജനസംഘടനാ നേതാക്കന്മാരുമായും ആലോചിക്കും. അവർക്കും ഗുണകരമായിരിക്കും. 60 വയസ്സ് വരെ വേണമെങ്കിൽ പോകാം. ഞാൻ അതിന്റെ നാനാ വശങ്ങൾ പറഞ്ഞുവെന്നുള്ളതേയുള്ളൂ. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിക്കട്ടെ. ഇക്കാര്യം ക്യാബിനറ്റിന്റെ പരിശോധനയിലാണ്. എല്ലാവരുമായും ആലോചിക്കും. നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥ ഞാൻ സഭയുടെ മുമ്പാകെ വരച്ചുകാണിച്ചുവെന്നേയുള്ളൂ.

ശ്രീ. വി.റ്റി. ബൽറാം : സർ, കോൺട്രിബ്യൂട്ടറി പെൻഷൻ എന്ന ആശയത്തോട് ഒരു വിയോജിപ്പും ഇല്ല. അത് അങ്ങനെ തന്നെ ആവുകയും വേണം. പക്ഷേ, പെൻഷൻ ബാദ്ധ്യത ഗവൺമെന്റ് എല്ലാക്കാലത്തും ഏറ്റെടുക്കേണ്ടെന്നല്ല. അതിന്റെ പേരിൽ പെൻഷൻപ്രായം വർദ്ധിപ്പിക്കുകയെന്ന് പറയുന്നത് തീർത്തും സ്വീകാര്യമല്ലാത്ത ആശയമാണ്.

ശ്രീ. കെ. എം. മാണി : ഒന്നും പറഞ്ഞില്ലല്ലോ. മറ്റ് സംസ്ഥാനങ്ങളിലെ കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. നമുക്കിതിനെപ്പറ്റി ആലോചിക്കാം. ഏതായാലും ഒരു ആശങ്കയും വേണ്ട. ഇതിനെപ്പറ്റി ഒരു തീരുമാനവും എടുത്തില്ല.

നമുക്ക് തുറന്ന മനസ്സോടെ ചർച്ച ചെയ്യാം. ഞാൻ ഇതുകൂടി പറഞ്ഞ് അവ സാനിപ്പിക്കാം. ജനസംഖ്യാനുപാതികമായി കേരളത്തിന്റെ കടബാദ്ധ്യത വർദ്ധിച്ചുവരുന്നൂവെന്ന് ശ്രീ. ജി. സുധാകരൻ പറയുകയുണ്ടായി. ജി. ഡി.പി. യുമായി നമ്മുടെ ഡെബ്റ്റ് റേഷ്യോ പരിശോധിച്ചാൽ ഗ്രോത്ത് റേറ്റ് 2006-07 -ൽ 32 ശതമാനമായിരുന്നു. 2007-08-ൽ 32 ശതമാനം. 2008-09-ൽ 31 ശതമാനം. 2009-2010-ൽ 31 ശതമാനം. ഈ ഗവൺമെന്റ് അധികാരമേൽക്കുന്നതിന് മുമ്പ് 2010-11-ൽ 28 ശതമാനം. അത് കഴിഞ്ഞ വർഷം 27 ശതമാനമായി കുറച്ചു. ഇക്കൊല്ലം 25 ശതമാനമായി കുറയ്ക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ അർത്ഥം നമ്മുടെ പ്രധാനപ്പെട്ട സാമ്പത്തിക പ്രതിസന്ധിയുടെ ഒരു കാരണം ഇന്ററസ്റ്റ് വർദ്ധനയാണ്. പലിശ, സാലറി, പെൻഷൻ, ....ഇതുകൊണ്ട് റവന്യൂ റസീപ്റ്റിന്റെ 75 ശതമാനവും ചെലവ് ചെയ്യേണ്ടി വന്നിരിക്കുന്നു. ഇന്ററസ്റ്റ് കൂടുമ്പോൾ റവന്യൂ ഡെഫിസിറ്റ് കൂടും. റവന്യൂ ഡെഫിസിറ്റ് 2015-ൽ സീറോ ആക്കണമെന്നാണ് ഫിനാൻസ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്. റവന്യൂ ഡെഫിസിറ്റ് സീറോ ആക്കണമെങ്കിൽ ഇന്ററസ്റ്റ് ലയബിലിറ്റി കുറച്ചുകൊണ്ടുവരണം.  അതുകൊണ്ട് ഇഷ്ടംപോലെ കടമെടുക്കുന്നത് ശരിയല്ല. കടഭാരം കുറച്ചുകൊണ്ടുവരണം. എടുക്കുന്ന കടം ഡവലപ്മെന്റൽ പർപ്പസിനു വേണ്ടി ചെലവഴിക്കണം. ആ നിലയിലുള്ള നിലപാടും നയവുമാണ് ഗവൺമെന്റിനുള്ളതെന്ന് വ്യക്തമാക്കിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന.**

**2-ഉം 3-ഉം വകുപ്പുകൾ**

2-ഉം 3-ഉം വകുപ്പുകൾക്ക് ഭേദഗതിയില്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**പട്ടിക**

ഭേദഗതിയില്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.................

പട്ടിക ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചിരിക്കുന്നു; പട്ടിക ബില്ലിന്റെ ഭാഗമായി.

**1-ാം വകുപ്പും പീഠികയും പേരും**

ഭേദഗതിയില്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അങ്ങേയ്ക്ക് 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി : ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സപീക്കർ : 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിടെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.28-ന് പിരിഞ്ഞു)

* * * * * * * * * * * * * * *